*'CORRUPTION, A CRIME AGAINST NATION'*


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471-2305393**

**തീയതി:15.02.2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ വിജിലൻസ് പിടിയിൽ"

കോഴിക്കോട് എരഞ്ഞിപ്പാലം കരോവരം വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ സുനിൽകുമാർ.ഇ.റ്റി 10000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു.

അമൃത് പ്രോജക്റ്റ്-4 പദ്ധതിയുടെ കരാറുകാരനായ രാജീവ് വി-യ്ക്ക് ക്വാഷൻ ഡെപ്പോസിറ്റ് ആയി കെട്ടി വച്ചിരുന്ന പണം തിരികെ ലഭിക്കുന്നതിന് 10000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിലാണ് അസി.എഞ്ചീനീയർ സുനിൽകുമാർ.ഇ.റ്റി വിജിലൻസ് പിടിയിലായത്. കരാറുകാരനായ രാജീവ്.വി. കരാറിന്റെ ഭാഗമായി 7 ലക്ഷം രൂപ ക്വാഷൻ ഡെപ്പോസിറ്റായി കെട്ടി വച്ചിരുന്നു. പണി പൂർത്തിയാക്കി ഗ്യാരന്റി പീരീഡ് 2021 ഒക്ടോബറിൽ കഴിഞ്ഞ ശേഷം പ്രസ്തുത ക്വാഷൻ ഡെപ്പോസിറ്റ് മടക്കി ലഭിക്കുന്നതിനായി രാജീവ് കരോവരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ച് നിരവധി തവണ അസി.എഞ്ചിനീയറെ സമീപിച്ചെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ല. വീണ്ടും സമീപിച്ച രാജീവിനോട് അസി.എഞ്ചീനീയറായ സുനിൽ കുമാർ 10000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു.

തുടർന്ന് രാജീവ് ഈ വിവരം കോഴിക്കോട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സുനിൽ കുമാറിനെ അറിയിക്കുകയും

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (**15.02.2022**) വൈകുന്നേരം **4.30** മണിയോടെ എരഞ്ഞിപ്പാലം കരോവരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വച്ച് രാജീവിൽ നിന്നും സുനിൽകുമാർ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെ ഇൻസ്പെക്ടർമാരായ ഉല്ലാസ് കുമാർ.എം., ജയൻ.ജെ, സബ് ഇൻസ്പെക്ടർമാരായ സുനിൽ , രാധാകൃഷ്ണൻ, ഹരീഷ് കുമാർ , സി.പി.ഒ മാരായ ബൈജു, അബ്ദുൾ സലാം, സുജിഷ, ധനേഷ് എന്നിവരും ഉണ്ടായിരുന്നു.